പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2035 **26-10-2026-ൽ മറുപടിയ്ക്ക്**

ഫോറൻസിക് മെഡിസിൻ വിഭാഗത്തിലെ അധ്യാപക ഒഴിവുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ എത്ര വീതം ഒഴിഞ്ഞുകിടക്കുന്നുണ്ട് ; വിശദാംശം വ്യക്തമാക്കാമോ;

മറുപടി: വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ പ്രൊഫസർ തസ്തികയിൽ 2 (രണ്ട്) എണ്ണവും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 16 (പതിനാറ്) എണ്ണവും ഒഴിഞ്ഞു കിടക്കുന്നുണ്ട്. അസിസ്റ്റന്റ്റ് പ്രൊഫസറുടെ 16 തസ്തികകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊഫസർ തസ്തികയിലെ 2 ഒഴിവുകൾ താത്കാലിക സ്ഥാനക്കയറ്റം മുഖേന നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ